# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഫെബ്രുവരി 3**

---

## ടെക്നിക്കൽ അസിസ്റ്റൻറ്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ സ്വയം മൾട്ടിമീഡിയ ലാബിൽ ടെക്നിക്കൽ അസിസ്റ്റൻറ് തസ്തികയിൽ ഒരു വർഷത്തേയ്ക്ക് താല്കാലിക കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

ഇ/ബി/ടി(ഈഴവ/ബില്ലവ/തിയ്യ) വിഭാഗത്തിൽ ഒരൊഴിവിലേക്കാണ് നിയമനം നടത്തുന്നത്.

കമ്പ്യൂട്ടർ സയൻസ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, ഐ.ടി എന്നിവയിലോ തത്തുല്യ വിഷയങ്ങളിലോ അംഗീകൃത ബിരുദാനന്തര ബിരുദവും അഡോബ് ക്രിയേറ്റീവ് ക്ലൗഡ് സോഫ്റ്റ്വെയറിൽ പ്രവൃത്തി പരിചയവും ഉള്ളവർക്ക് അപേക്ഷിക്കാം.

പ്രതിമാസ വേതനം സഞ്ചിത നിരക്കിൽ 30000 രൂപ. പ്രായപരിധി 2024 ജനുവരി ഒന്നിന് 36 വയസ്സ് കവിയരുത്(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗക്കാർക്ക് ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃത ഇളവുകൾ അനുവദിക്കും).

താൽപര്യമുള്ളവർ വിജ്ഞാപനത്തോടൊപ്പമുള്ള അപേക്ഷാ ഫോം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം, അധികയോഗ്യത, ജാതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ വിജ്ഞാപന തീയതി(ഫെബ്രുവരി 3) മുതൽ 15 ദിവസത്തിനകം ada5@mgu.ac.in എന്ന ഇമെയിൽ വിലാസത്തിലോ രജിസ്ട്രാർ, മഹാത്മാഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം - 686560 എന്ന വിലാസത്തിൽ തപാലിലോ അയക്കണം. വിശദ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ (www.mgu.ac.in)

(പി.ആർ.ഒ/39/122/2024)

## കോഴ്സ് വൈവ

ഒന്നാം സെമസ്റ്റർ എംബിഎ(2023 അഡ്മിഷൻ റഗുലർ, 2019-2022 അഡ്മിഷനുകൾ സപ്ലിമെൻററി - ഡിസംബർ 2023) പരീക്ഷയുടെ തൊടുപുഴ

ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറിലെ മാറ്റി വച്ച കോഴ്സ് വൈവ ഫെബ്രുവരി എട്ടിന് നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/123/2024)

## പ്രാക്ടിക്കൽ

ഒന്നാം സെമസ്റ്റർ ബി.എ മ്യൂസിക് വോക്കൽ, മൃദംഗം, ചെണ്ട, മദ്ദളം, കഥകളി വേഷം, ഭരതനാട്യം, കഥകളി സംഗീതം (സി.ബി.സി.എസ് - 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017-2022 അഡ്മിഷനുകൾ റീഅപ്പിയറൻസ് - ഡിസംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി 12 മുതൽ തൃപ്പൂണിത്തുറ ആർഎൽവി കോളജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്സിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.
........................

ബി.എസ്.സി എംആർടി(2018 അഡ്മിഷൻ അദാലത്ത്-സ്പെഷ്യൽ മെഴ്സി ചാൻസ് - ജനുവരി/ഫെബ്രുവരി 2020) പരീക്ഷയുടെ പ്രാക്ടിക്കൽ, വൈവ പരീക്ഷകൾ ഫെബ്രുവരി ഏഴു മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/124/2024)

## പരീക്ഷാ ഫലം

രണ്ടാം സെമസ്റ്റർ എം.എ ഇക്കണോമിക്സ്(പിജിസിഎസ്എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി - ജൂലൈ 2023) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി 17 വരെ ഓൺലൈനിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/125/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**